## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.839 08.03.2012 ൽ മറുപടിക്ക്

### സംസ്ഥാനത്തെ മോട്ടോർ വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർപ്ലേറ്റ്

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്തെ മോട്ടോർ വാഹനങ്ങളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിക്കാൻ മോട്ടോർ വാഹനവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; | (എ) | സുപ്രീം കോടതി ഉത്തരവനുസരിച്ച് ഇതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ച് 7.10.2010 ലെ സ.ഉ.(എം.എസ്) 69/10/ട്രാൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ദർഘാസ് ക്ഷണിക്കുവാനുള്ള ഉത്തരവും പുറപ്പെടുവിച്ചു. 2011 ജനുവരിയിൽ ടെൻഡർ ക്ഷണിച്ചെങ്കിലും സുപ്രീം കോടതിയുടെ "സ്റ്റാറ്റസ് ക്വോ" ഉത്തരവിൻ പ്രകാരം തുടർനടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) എത്ര കമ്പനികൾ ടെൻഡറിൽ പങ്കെടുത്തു; ഏതെല്ലാം; | (ബി) | 2 കമ്പനികൾ ദർഘാസിൽ പങ്കെടുത്തു. അവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു:<br>1. M/s Ackruti Security Plates Pvt. Ltd., Ackruti Trade Centre, Road No. 7, Marol MIDC, Andheri (E), Mumbai - 400093<br>2. M/s Kerala Small Industries Development Corporation Ltd (An Undertaking of the Government of Kerala), Forest Office Lane, Vazhuthacaud P.O., Thiruvananthapuram - 695014. |
| (സി) ഏതു കമ്പനിക്കാണ് ടെൻഡർ ഉറപ്പിച്ചിട്ടുള്ളത്; അവരുടെ റേറ്റ് എത്രയാണ്; | (സി) | ബഹു. സുപ്രീം കോടതിയുടെ സ്റ്റാറ്റസ് ക്വോ ഉത്തരവ് നിലനിൽക്കുന്നതിനാൽ ദർഘാസ് നടപടികൾ പൂർത്തിയായിട്ടില്ല. Technical Bid, Financial Bid എന്നിവ തുറന്നിട്ടില്ല. അതിനാൽ റേറ്റ് എത്രയാണെന്ന് അറിവില്ല. |
| (ഡി) ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത കമ്പനി ഏതായിരുന്നു | (ഡി) | Financial Bid തുറക്കാത്തതിനാൽ ഉത്തരം നൽകാൻ നിർവ്വാഹമില്ല. |
| (ഇ) ആയതു സംബന്ധിച്ച് ഏതെങ്കിലും കമ്പനികൾ കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ കേസ്സിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | ദർഘാസിൽ പങ്കെടുക്കാത്ത ഒരു കമ്പനി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ദർഘാസിലെ ചില നിബന്ധനകൾക്കെതിരെ WP (C)3149/2011 എന്ന കേസ് ഫയൽ ചെയ്യുകയും അതിൻമേൽ 31.01.2011 ൽ ബഹു. ഹൈക്കോടതി ദർഘാസ് |

| | | |
|---|---|---|
| | | തുറക്കുന്നത് സ്റ്റേ ചെയ്തുകൊണ്ട് വിധി പുറപ്പെടുവിയ്ക്കുകയും ചെയ്തുവെങ്കിലും 12.04.2011 ലെ വിധി പ്രകാരം പ്രസ്തുത കേസ് തള്ളിക്കളഞ്ഞു. ഈ കേസ്സിൽ ഫയൽ ചെയ്ത റിട്ട് അപ്പീലും ബഹു. ഹൈക്കോടതി തള്ളിക്കളഞ്ഞു. ഇതിനെതിരെ പ്രസ്തുത കമ്പനി ബഹു. സുപ്രീം കോടതി മുമ്പാകെ Special Leave Petition, SLP (C)13630-13631/2011 ഫയൽ ചെയ്തു. പ്രസ്തുത കേസിൽ 13.5.2011 ൽ ബഹു. സുപ്രീം കോടതി "സ്റ്റാറ്റസ് ക്വോ" ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ